## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1625**

**17.06.2013ൽ മറുപടി നൽകേണ്ടിയിരുന്നത്**

### കോർപ്പറേഷൻ/ബോർഡ് ചെയർമാൻമാർക്ക് എക്സിക്യൂട്ടീവ് പദവി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ : | | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം കോർപ്പറേഷൻ/ബോർഡ് ചെയർമാൻമാർക്ക് എക്സിക്യൂട്ടീവ് പദവി ഉണ്ട് എന്നറിയിക്കാമോ ; | (എ) | താഴെപറയുന്ന കോർപ്പറേഷൻ/ബോർഡ് ലെ ചെയർമാൻമാർക്ക് എക്സിക്യൂട്ടീവ് പദവി ഉണ്ട്.<br>1) കെ.എസ്.ആർ.ടി.സി.<br>2) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ<br>3) സംസ്ഥാന ഔഷധ സസ്യ ബോർഡ്<br>4) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ<br>5) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്<br>6) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽസ് സ്റ്റഡീസ് (KITTS)<br>7) ബേക്കൽ റിസോർട്ട്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ<br>8) ഫുഡ് ക്രാഫ്റ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് |
| (ബി) | കോർപ്പറേഷൻ/ബോർഡ് ചെയർമാൻമാരുടെ വാഹനത്തിന് വെക്കേണ്ട ബോർഡ് സംബന്ധിച്ച് നിയമം നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | (ബി) യും (സി) യും | സർക്കാർ വകുപ്പുകളുടേയും പൊതു-മേഖലാ സ്ഥാപനങ്ങൾ/ കോർപ്പറേഷൻ/ ബോർഡുകളുടേയും ഉടമസ്ഥതയിലുള്ള വാഹനത്തിൽ പ്രദർശിപ്പിക്കേണ്ട നെയിം ബോർഡ് സംബന്ധിച്ച് പബ്ലിക് വർക്സ് & ട്രാൻസ്പോർട്ട് (എം.) വകുപ്പിന്റെ 25.2.1994 ലെ 5280/എം.2/94/PW&T നമ്പർ സർക്കുലറിലൂടെയും ഗതാഗത (ബി) വകുപ്പിന്റെ 25.10.1997 ലെ 35519/ബി.2/ 95/ട്രാൻ. നമ്പർ സർക്കുലറിലൂടെയും നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് |
| (സി) | ചെയർമാൻ എന്നതിന് പകരം കേരള സർക്കാർ എന്ന ബോർഡ് വാഹനത്തിന് ഉപയോഗിക്കുവാൻ അനുവാദമുണ്ടോ ? | | |

പ്രകാരം സർക്കാർ വകുപ്പുകളുടെ വാഹനങ്ങളിൽ മുന്നിലും, പിന്നിലും ചുവന്ന പ്രതലത്തിൽ വെളുത്ത അക്ഷരത്തിൽ അതാത് വകുപ്പിന്റെ പേര് എഴുതേണ്ടതാണ്. മന്ത്രിമാരുടെയും തത്തുല്യ പദവിയിലുള്ളവരുടേയും വാഹനങ്ങളിൽ ചുവന്ന പ്രതലത്തിൽ വെള്ള അക്ഷരത്തിൽ KERALA STATE എന്ന ബോർഡും നമ്പരും ഉണ്ടായിരിക്കേണ്ടതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകളുടെ വാഹനങ്ങൾ KERALA STATE എന്ന ബോർഡ് പ്രദർശിപ്പിക്കാൻ പാടില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ/ ബോർഡുകളുടെ വാഹനങ്ങളിൽ മുൻഭാഗത്ത് ദീർഘ ചതുരാകൃതിയിലുള്ള ബോർഡിൽ ടി സ്ഥാപനത്തിന്റെ പേരും അതിനു താഴെ 'A State Government Undertaking' എന്ന് എഴുതേണ്ടതും വാഹനത്തിന്റെ പിന്നിൽ വൃത്താകൃതിയിലുള്ള ബോർഡിൽ സ്ഥാപനത്തിന്റെ പേര് പൂർണ്ണമായോ ഭാഗീകമായോ എഴുതേണ്ടതുമാണ്. വാഹനത്തിന്റെ മുന്നിലേയും പിന്നിലേയും ബോർഡുകൾ ഇളം നീല നിറത്തിലുള്ളതും അക്ഷരങ്ങൾ കറുപ്പ് നിറത്തിലുമായിരിക്കണം. മേൽ പരാമർശിച്ചിട്ടുള്ള എല്ലാ ബോർഡുകളിലേയും അക്ഷരങ്ങളുടെ വലിപ്പം 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ റൂൾ 50 ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമായിരിക്കണം.

സെക്ഷൻ ഓഫീസർ